ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 19.09.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) രാജ്യത്തിൻറെ വളര്‍ച്ചക്ക് സമുദ്ര സമ്പദ് വ്യവസ്ഥ അത്യന്താപേക്ഷിതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says that the blue economy is essential for the country's growth.**

2) സാമ്പത്തിക സുസ്ഥിരതയിൽ മത്സ്യബന്ധന മേഖലയ്ക്ക് നിർണായക സ്ഥാനമുണ്ടെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്.

   **Union Minister Rajiv Ranjan Singh says that the fisheries sector plays a crucial role in economic stability.**

3) ഓപ്പറേഷൻ സിന്ദൂറിലൂടെ ശത്രുക്കൾക്കെതിരെ തിരിച്ചടിക്കാനുള്ള ഇന്ത്യയുടെ ശക്തി പ്രതിരോധ സേന പ്രകടമാക്കിയതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **India's defense forces have demonstrated their strength to strike back against enemies through Operation Sindoor, said Defense Minister Rajnath Singh.**

4) ഭീകരതയെ നേരിടാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്താൻ ലോക രാഷ്ട്രങ്ങളോട് ആഹ്വാനം ചെയ്ത് ഇന്ത്യ.

**India calls on the world to strengthen efforts to combat terrorism.**

5) സാങ്കേതികവിദ്യ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങൾക്കും പ്രാപ്യമാകുന്ന തരത്തിലേക്ക് മാറ്റാൻ സർക്കാരിന് സാധിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnav says that the government has been able to make technology accessible to all sections of the country.**

6) ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ഒമാനെ നേരിടും. അബുദാബിയിൽ രാത്രി 8 നാണ് മത്സരം.

**In the Asia Cup Twenty20 cricket, India will face Oman today. The match will be held in Abu Dhabi at 8 pm.**

☸☸☸☸☸☸☸☸☸☸☸☸☸

## PM – BLUE ECONOMY

രാജ്യത്തിൻ്റെ വളർച്ചക്ക് സമുദ്ര സമ്പദ് വ്യവസ്ഥ അത്യന്താപേക്ഷിതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹ മാധ്യമത്തിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്ങിൻ്റെ ലേഖനത്തോട് പ്രതികരിക്കവെ, സാഗർമാല, ഡീപ് ഓഷൻ മിഷൻ, ഹരിത് സാഗർ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയ സംരംഭങ്ങൾ സമുദ്രവിഭവങ്ങളെ ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇത് തീരദേശ സമൂഹത്തെ ശാക്തീകരിക്കുകയും ആഗോള സമുദ്ര പരിപാലനത്തിൽ ഇന്ത്യയുടെ നേതൃത്വം ശക്തിപ്പെടുത്തുകയും ചെയ്യുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## BLUE ECONOMY

പുനരുപയോഗ ഊർജ മേഖലയിൽ യൂറോപ്യൻ യൂണിയൻറെ അനുഭവ പരിചയം കേരളത്തിന് പ്രയോജനപ്പെടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് കേരള- യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വിഴിഞ്ഞം തുറമുഖം ആഗോള വ്യാപാര രംഗത്ത് സംസ്ഥാനത്തെ അടയാളപ്പെടുത്തിയതായും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## BLUE ECONOMY - 2

രാജ്യത്തിൻറെ സാമ്പത്തിക രംഗത്ത് മത്സ്യബന്ധന മേഖലയ്ക്ക് വലിയ സ്ഥാനമുണ്ടെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. മത്സ്യ ബന്ധന മേഖലയെ പരിപോഷിപ്പിക്കാൻ മത്സ്യ സമ്പദാ യോജന ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നതായും അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരത്ത് കേരള- യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിൻറെ വളർച്ചയ്ക്ക് സമുദ്ര മേഖലയ്ക്ക് നിർണായക സ്ഥാനമുണ്ടെന്ന് ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ അഭിപ്രായപ്പെട്ടു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ സജി ചെറിയാൻ, ജെ ചിഞ്ചു റാണി തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH - INDIA - PAK WAR (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ ശത്രുക്കൾക്കെതിരെ തിരിച്ചടിക്കാനുള്ള ഇന്ത്യയുടെ ശക്തി പ്രതിരോധ സേന പ്രകടമാക്കിയതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് . 1965 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൻറെ 60-ാം വാർഷികം ആചരിക്കുന്ന ചടങ്ങിൽ യുദ്ധ സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ് )
സൈനികർക്ക് ഒരിക്കലും പ്രതിരോധ വിഭവങ്ങളുടെ അഭാവം ഉണ്ടാകാതിരിക്കാൻ കേന്ദ്ര സർക്കാർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## ASHWINI VAISHNAW

സാങ്കേതികവിദ്യ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങൾക്കും പ്രാപ്യമാകുന്ന തരത്തിലേക്ക് മാറ്റാൻ സർക്കാരിന് സാധിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ചെറുകിട കച്ചവടക്കാർ വരെ ഇപ്പോൾ യുപിഐ പേയ്മെൻറ് സംവിധാനം ഉപയോഗിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതികവിദ്യയ്ക്ക് അധികാരശ്രേണി ബാധകമല്ലെന്നും ഒരു ദേശീയ ദിനപത്രത്തിൽ എഴുതിയ ലേഖനത്തിൽ ശ്രീ വൈഷ്ണവ് വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## MEA BRIEFING (INTRO)

ഭീകരതയെ അതിൻറെ എല്ലാ രൂപങ്ങളിലും നേരിടാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്താൻ ഇന്ത്യ ലോകത്തോട് ആഹ്വാനം ചെയ്യതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. അതിർത്തി കടന്നുള്ള ഭീകരതയെ എല്ലാ രാജ്യങ്ങളും ചെറുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.
(ഹോൾഡ് വോയ്സ്)
സുശീല കാർക്കിയുടെ നേതൃത്വത്തിൽ നേപ്പാളിൽ ഒരു പുതിയ ഇടക്കാല സർക്കാർ രൂപീകരിക്കുന്നതിനെ ഇന്ത്യ സ്വാഗതം ചെയ്യുന്നതായും ജയ്സ്വാൾ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## GLOBAL AYYAPPA SANGAMAM

തിരുവിതാംകൂർ ദേവസ്വം ബോർഡ് പമ്പയിൽ നാളെ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 16 രാജ്യങ്ങളിൽ നിന്നായി 3,000 – ത്തോളം പ്രതിനിധികൾ പങ്കെടുക്കും. ശബരിമലയെ ആഗോള

തീർത്ഥാടന കേന്ദ്രമാക്കുകയാണ് അയ്യപ്പ സംഗമത്തിലൂടെ ലക്ഷ്യമിടുന്നത്.

## ASIA CUP

ഏഷ്യാകപ്പ് ട്വൻറി-20 ക്രിക്കറ്റ് ഗ്രൂപ്പ് എ അവസാന മത്സരത്തിൽ, ഇന്ത്യ ഇന്ന് ഒമാനെ നേരിടും. അബുദാബി ഷേഖ് സയെദ് സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം. ഗ്രൂപ്പ് എ യിൽനിന്ന് ഇന്ത്യയും പാകിസ്ഥാനുമാണ് സൂപ്പർ ഫോറിലെത്തിയ ടീമുകൾ.

## BADMINTON

ഇന്ത്യൻ താരം പി.വി. സിന്ധു ചൈന മാസ്റ്റേഴ്സ് ബാഡ്മിൻറണിൽ നിന്ന് പുറത്തായി. ഇന്ന് നടന്ന ക്വാർട്ടർ ഫൈനലിൽ ദക്ഷിണ കൊറിയയുടെ ആൻ സെ യങ്ങ് നേരിട്ടുള്ള സെറ്റുകൾക്കാണ് പി വി സിന്ധുവിനെ പരാജയപ്പെടുത്തിയത്.

## SEVA PARV- BETI BACHAO BETI PADAO (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ കാമ്പെയ്നിലൂടെ രാജ്യത്തെ ഓരോ പെൺകുട്ടിക്കും അന്തസ്സ്, സംരക്ഷണം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

**(ഇൻട്രോ മ്യൂസിക്)**

2015 ജനുവരി 22 ന് ഹരിയാനയിലെ പാനിപ്പത്തിലാണ് , പെൺകുട്ടികളുടെ ബഹുമാനാർത്ഥം പ്രധാനമന്ത്രി നരേന്ദ്ര മോദി ബേട്ടി ബച്ചാവോ, ബേട്ടി പഠാവോഎന്ന പദ്ധതി ആരംഭിച്ചത് . അന്ന് പ്രധാനമന്ത്രി പറഞ്ഞ വാക്കുകളിലേക്ക് ---

**(ഹോൾഡ് വോയിസ് പി എം )**

രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ഈ പദ്ധതിയിലൂടെ പെൺഭ്രൂണഹത്യ തടയാനും ആൺ-പെൺ ലിംഗാനുപാതം

സന്തുലിതമാക്കാനും സാധിച്ചു . രാജ്യത്തിന്റെ വികസനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം എന്ന പ്രധാനമന്ത്രിയുടെ ആശയം പൂർണ്ണമാക്കുന്നതിന് വനിതാ-ശിശു വികസന മന്ത്രാലയം, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം, വിദ്യാഭ്യാസ മന്ത്രാലയം എന്നിവയുടെ കൂട്ടായ പരിശ്രമങ്ങൾ തുടരുകയാണ്.

## CAG- CONFERENCE

പൊതുധനകാര്യ മാനേജ്മെൻറിൽ ഡിജിറ്റലൈസേഷൻ സംയോജിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ സഞ്ജയ് മൂർത്തി. ന്യൂഡൽഹിയിൽ നടന്ന സംസ്ഥാന ധനകാര്യ സെക്രട്ടറിമാരുടെ രണ്ടാം വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ കേന്ദ്ര സ്പോൺസർഷിപ്പ് പദ്ധതികളും നവംബർ 1 മുതൽ സിംഗിൾ നോഡൽ ഏജൻസി സംവിധാനത്തിലൂടെ നടപ്പിലാക്കുമെന്നും ചടങ്ങിൽ പ്രഖ്യാപനമുണ്ടായി.

## DAY. GST REFORMS- AUTO

ചരക്കു സേവന നികുതി പരിഷ്കരണത്തിൽ ഓട്ടോമൊബൈൽ മേഖലയ്ക്ക് ഗണ്യമായ നികുതി ഇളവുകളാണ് പ്രഖ്യാപിച്ചത്. പഴയ വാഹനങ്ങൾ മാറ്റി ഇന്ധനക്ഷമതയുള്ള പുതിയ വാഹനങ്ങൾ വാങ്ങുന്നതിലൂടെ പരിസ്ഥിതി സൗഹൃദമായ യാത്ര സൗകര്യവും ഇത് ഉറപ്പാക്കും. ഈ പരിഷ്കാരങ്ങൾ ഓട്ടോമൊബൈൽ വ്യവസായം പൂർണ്ണമായും ഉപയോഗിക്കുമെന്ന് ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സി.എസ്. വിഘ്നേശ്വർ അറിയിച്ചു.

## FREE SOFTWARE

സ്വതന്ത്ര സോഫ്റ്റ്വെയർ ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. ദിനാചരണത്തിന്റെ ഭാഗമായി സ്വതന്ത്ര സോഫ്റ്റ്വെയർ ആയ ഉബുണ്ടു 22.04 കൈറ്റിൻറെ തിരുവനന്തപുരം

ജില്ലാ കേന്ദ്രത്തിൽ വച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി ഇൻസ്റ്റാൾ ചെയ്തു നൽകും.

❁❁❁❁❁❁❁❁❁❁❁❁❁

## PIB-FACT CHECK

സംയുക്ത സേന മേധാവി ജനറൽ അനിൽ ചൗഹാന്റേതെന്ന തരത്തിൽ സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ കൃത്രിമമെന്ന് കേന്ദ്ര സർക്കാർ. ശ്രീ അനിൽ ചൗഹാൻ അത്തരമൊരു പ്രസ്താവന നടത്തിയിട്ടില്ലെന്നും വീഡിയോ വ്യാജമാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## REV. ZUBEEN GARG DIED

പ്രശസ്ത അസമീസ് ഗായകൻ സുബീൻ ഗാർഗ് അന്തരിച്ചു. സിംഗപ്പൂരിൽ സ്കൂബ ഡൈവിംഗിനിടെ ഉണ്ടായ അപകടത്തിലാണ് അന്ത്യം. 2006-ൽ പുറത്തിറങ്ങിയ ഗാങ്സ്റ്റർ എന്ന ചിത്രത്തിലെ "യാ അലി" എന്ന ഗാനത്തിലൂടെയാണ് സുബീൻ ഗാർഗ് ബോളിവുഡിൽ ശ്രദ്ധ നേടിയത്. സുബിൻ ഗാർഗിൻറെ നിര്യാണത്തിൽ പ്രധാനമന്ത്രി അനുശോചനം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## LAKSHADWEEP- FISHING

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം നാളെ കൊച്ചിയിൽ നടക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ പങ്കെടുക്കും. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മൽസ്യങ്ങൾ എന്നീ മേഖലകളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

## BIHAR NCW CHAIRPERSON

സമ്പന്നവും സന്തുഷ്ടവുമായ കുടുംബത്തിന് സ്ത്രീകളുടെ ആരോഗ്യവും സുപ്രധാനമാണെന്ന് ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ വിജയ രഹാത്കർ. ബിഹാറിൽ പോഷകാഹാര

മാസത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ. സമൂഹത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിന് കുട്ടികളുടെയും സ്ത്രീകളുടെയും പോഷകാഹാരത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ടെന്നും വനിതാ കമ്മീഷൻ ചെയർപേഴ്സൺ പറഞ്ഞു.

## HOUTHI–ISRAEL ATTACK

ഇസ്രയേൽ നഗരങ്ങൾക്ക് നേരെയുണ്ടായ ബാലിസ്റ്റിക് മിസൈൽ, ഡ്രോൺ ആക്രമണങ്ങളുടെ ഉത്തരവാദിത്തം യമനിലെ ഹൂതി വിമതർ ഏറ്റെടുത്തു. ജാഫയിലെ സൈനിക കേന്ദ്രത്തിലാണ് മിസൈൽ ആക്രമണം നടത്തിയതെന്നും, തുറമുഖ നഗരമായ ബേയർ ഷേവ ലക്ഷ്യമിട്ടായിരുന്നു ഡ്രോൺ ആക്രമണമെന്നും ഹൂതി വൃത്തങ്ങൾ അറിയിച്ചു. ആക്രമണത്തെ പ്രതിരോധിക്കാൻ സാധിച്ചതായും, ജീവാപായം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ഇസ്രയേലി പ്രതിരോധ സേന വ്യക്തമാക്കി.